# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ക്ലാര




ഞാനിങ്ങനെ സഹിക്കാൻ എന്തുകുറ്റമാണ് ഞാൻ ചെയ്തത് എന്ന വിലപിക്കുന്ന അനേകരം നാം നമ്മുടെ ചുറ്റും കാണുന്നുണ്ട്. എന്നാൽ കുരിശിനെ ആലിംഗനം ചെയ്ത ഒരു സ്ത്രീയാണ് വി. ക്ലാര. കുരിശിലും ദിവ്യകാരുണ്യത്തിലും ദൈവഭക്തിയിലും തന്റെ ജീവിതം സമർപ്പിച്ച് അവൾ വിശുദ്ധീകരണം ഏറ്റുവാങ്ങി. 1268ലാണ് ക്ലാരയുടെ ജനനം. മൂന്ന വർഷങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ മൂത്ത സഹോദരി ജൊവാന ഒരു സന്യാസാശ്രമം സ്ഥാപിച്ചു. പ്രാർത്ഥനയുടെയും കഠിനമായ തപശ്ചര്യകളുടേയും ഒരു ജീവിതം തിരഞ്ഞെടുത്തപ്പോൾ ജൊവാനയ്ക്ക് ഇരുപത് വയസ്സായിരുന്നു. 1274ൽ ഈ സന്യാസമഠത്തിന് സഭാധികാരികളിൽ നിന്ന് അംഗീകാരം ലഭിക്കുകയുണ്ടായി. ജൊവാനയ്ക്ക് പുതിയ സന്യാസാർത്ഥികളെ മഠത്തിൽ സ്വീകരിക്കുന്നതിനുള്ള അനുവാദവും ലഭിച്ചു. ആദ്യം ഈ മഠത്തിൽ അർത്ഥിനിയായി ചേർന്നത് വെറും ആറു വയസ്സ് മാത്രം പ്രായമുള്ള ക്ലാരയാണ്. അവളുടെ ഭക്തിയും തീക്ഷ്ണതയും പ്രായത്തിൽ കവിഞ്ഞ പക്വതയും ആരെയും ആകർഷിക്കുന്നതായിരുന്നു. ചെറുപ്രായത്തിൽ തന്നെ ആശയടക്കങ്ങളും പുണ്യപ്രവൃത്തികളും അവൾ ധാരാളമായി ചെയ്തുപോന്നു. യേശുവിനോടുള്ള അവളുടെ സ്നേഹവും അവിടുത്തെ പീഡാസഹനങ്ങളെക്കുറിച്ചുള്ള ധ്യാനവും അവളുടെ കൊച്ചുജീവിതത്തിന്റെ കേന്ദ്രമായിരുന്നു.

1278ൽ ധാരാളം പെൺകുട്ടികൾ ഈ മഠത്തിൽ ചേരുവാൻ ആഗ്രഹം പ്രകടിപ്പിച്ചതോടുകൂടി സന്യാസാശ്രമം വിപുലീകരിക്കേണ്ടി വന്നു. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷം നഗരത്തിനടുത്തുള്ള മലനിരകളിലേക്ക് താമസം മാറുവാൻ സന്യാസിനികൾ നിശ്ചയിച്ചു. എന്നാൽ നഗരത്തിൽ നിന്നുള്ള ചിലർ സ്വാർത്ഥതാൽപര്യങ്ങൾ മൂലം ഇതിന് എതിരു നിൽക്കുകയാണുണ്ടായത്. ദാനധർമ്മത്താൽ മാത്രം ജീവിക്കുന്ന മറ്റൊരു സമൂഹത്തെക്കൂടി താങ്ങാനാവില്ല എന്നായിരുന്നു നഗരവാസികളുടെ അഭിപ്രായം. തങ്ങളുടെ മക്കളും ഈ വഴി തിരഞ്ഞെടുത്തേക്കുമോ എന്ന ഭയമായിരുന്നിരിക്കണം യഥാർത്ഥത്തിൽ ഇതിന് പിന്നിൽ. അങ്ങനെ നഗരവാസികൾ സന്യാസാശ്രമത്തിന്റെ ഒരു വശം തകർക്കുവാൻ തന്നെ തീരുമാനിച്ചു. എന്നാൽ ദൈവപരിപാലനയുടെ അടയാളമായി ഈ ശ്രമം പരാജയപ്പെട്ടു. സന്യാസാശ്രമത്തിൽ അവർ താമസം തുടങ്ങിയെങ്കിലും പുറത്തുനിന്നുള്ള ആക്രമണം വളരെ രൂക്ഷമായിരുന്നു. പണിതീരാത്ത ആ ഭവനത്തിൽ പുറത്തുനിന്നും യാതൊരു സഹായവും ലഭിക്കാതെ കഴിഞ്ഞുകൂടുക ദുഷ്കരമായിരുന്നു. ഭക്ഷണം കണ്ടെത്തുന്നതിനുള്ള വിഷമത്തിന് പുറമേ, നഗരത്തിലെ ദുഷിച്ച ചില മനുഷ്യരുടെ കെട്ടുകഥകളും അവർക്ക് സഹിക്കേണ്ടി വന്നു.

കുറച്ചു സന്യാസിനികൾ പുറത്തുപോയി ഭിക്ഷ യാചിച്ച് സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അനുവാദം അധികാരികളിൽനിന്ന് അവർക്ക് ലഭിച്ചു. ആദ്യം ഭിക്ഷാപാത്രവുമായി ഇറങ്ങിയത് ക്ലാരയാണ്. സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പണവും വസ്തുക്കളും സ്വരൂപിക്കുന്നതിനായി നഗ്നപാദയായി, ശിരോവസ്ത്രമണിഞ്ഞ് രാജ്യത്തുടനീളം അവൾ സഞ്ചരിച്ചു. പലപ്പോഴും ഭിക്ഷ ലഭിക്കുന്നതിന് പകരം കഠിനവാക്കുകളും പീഡനങ്ങളുമാണ് അവൾക്ക് സ്വീകരിക്കേണ്ടി വന്നത്. അപ്പോഴൊക്കെ മുട്ടിന്മേൽനിന്ന് അവർക്ക് വേണ്ടി പ്രാർത്ഥിച്ച് നന്ദി പറഞ്ഞ് പോകുവാൻ അവൾ ശ്രദ്ധിച്ചു. യുവസന്യാസിനികൾക്ക് ഈ ഭിക്ഷാടനം അത്ര എളുപ്പമായിരുന്നില്ല. അവരെ ആക്രമിക്കുവാൻ പതിയിരിക്കുന്നവരുടെ എണ്ണം കൂടി. നാൽപത് ദിവസത്തെ ഭിക്ഷാടനത്തിന് ശേഷം ക്ലാര മഠത്തിലെത്തി വീണ്ടും തന്റെ പരിപൂർണ്ണ ആശ്രമജീവിതം ആരംഭിച്ചു. പിന്നീടൊരിക്കലും അടച്ചുപൂട്ടിയ ആ സന്യാസാശ്രമത്തിൽ നിന്ന് അവൾ പുറത്തുപോയിട്ടില്ല. ദിവസവും പത്തു മണിക്കൂറോളം ക്ലാര പ്രാർത്ഥനയിലാണ് ചെലവഴിച്ചിരുന്നത്. പല രാത്രികളിൽ സ്വർഗസ്ഥനായ പിതാവേ എന്ന ജപം ഉരുവിട്ടുകൊണ്ട് ആയിരത്തോളം പ്രാവശ്യം അവൾ മുട്ടിന്മേൽ വീണ് സാഷ്ടാംഗ പ്രണാമം ചെയ്യുമായിരുന്നു. നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളോട് ചേർന്ന് അവൾ യാത്ര ചെയ്തു. പ്രാർത്ഥനയിലൂടെ അത്ഭുതകരമായ കൃപാവരങ്ങളും വരദാനങ്ങളും അവളിൽ പ്രകടമായിത്തുടങ്ങി. ഭൂമിയിൽ വച്ചുതന്നെ ദൈവവുമായി ഒന്നുചേരുന്ന ഒരനുഭവത്തിലേക്ക് അവൾ പ്രവേശിക്കുകയായിരുന്നു. എന്നാൽ അവളുടെ ജീവിതത്തിൽ പ്രലോഭനങ്ങളുടെ കാലം ആരംഭിച്ചു. സ്വസ്ഥമായ ഈ അനുഭൂതിയിൽനിന്ന് വൈകാരികവും സംഘർഷഭരിതവുമായ ഒരു അവസ്ഥയിലേക്ക് അവളുടെ ജീവിതം പറിച്ചുനട്ടു. പ്രതിസന്ധികളും പ്രലോഭനങ്ങളും അതികഠിനമായി. തന്റെ ദൈവം തന്നെ ഉപേക്ഷിച്ചുവെന്ന് പോലും അവൾക്ക് തോന്നി.

1288ലാണ് പ്രസ്തുത ആത്മീയ മരുഭൂമി അനുഭവത്തിന്റെ ആരംഭം. അന്ന് ക്ലാരയ്ക്ക് ഇരുപത് വയസ്സായിരുന്നു. ജീവിതത്തിലുണ്ടായ സകല വേദനകളുടെയും അപ്പുറത്തായിരുന്നു തന്റെ ദിവ്യനാഥനെ കാണുവാനോ സംവദിക്കുവാനോ സാധിക്കാത്തതിന്റെ വേദന. ആത്മീയ സംഘർഷങ്ങളുടെയും സംശയത്തിന്റെയും പ്രലോഭനത്തിന്റെയും ഇരുണ്ട രാത്രികൾ പതിനൊന്ന് വർഷത്തോളം നീണ്ടു. ഏകയായി, ദൈവത്തെപ്പോലും അനുഭവിക്കാൻ സാധിക്കാതെ നിൽക്കേണ്ടി വന്നപ്പോൾ നിരാശപ്പെടാതെ പ്രാർത്ഥനയിലും നിശബ്ദതയും കഴിച്ചുകൂട്ടുവാൻ അവൾക്ക് കഴിഞ്ഞു. പരാതിയില്ലാതെ ഈ ജീവിതത്തെ അവൾ അഭിമുഖീകരിച്ചു. ആഴമായ ആത്മീയതപോലും ആശ്വാസം നൽകാത്ത ആ നാളുകളിൽ നിരന്തരം തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് അവൾ കുമ്പസാരക്കൂടിനെ സമീപിച്ചു. എന്നാൽ കുമ്പസാരക്കാരൻ അവളുടെ വിശുദ്ധ ജീവിതത്തെ പുകഴ്ത്തുകയുണ്ടായത്. തന്റെ ജീവിതത്തിൽ യാതൊന്നും നേട്ടവും നന്മയുമായി കരുതുവാൻ അവൾക്ക് സാധിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണിത്. കഠിനമായ പ്രായശ്ചിത്തപ്രവൃത്തികളാണ് ഇക്കാലത്ത് അവൾ അനുഷ്ഠിച്ചിരുന്നത്. ഇത് മനസ്സിലാക്കിയ ജൊവാനയും അവളെ പരിശോധിച്ച ഡോക്ടർമാരും അവളുടെ കഠിന തപശ്ചര്യകൾ കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഈ നാളുകൾ ആത്മീയമായ ശക്തീകരണത്തിന്റെ കാലമായിരുന്നു. മരുഭൂമിയിൽ ജീവിക്കുവാൻ പഠിച്ച അവളുടെ ആത്മാവ് തിരികെ പുൽത്തകിടിയിൽ എത്തുമ്പോൾ അനേകം ഫലങ്ങൾ പുറപ്പെടുവിക്കുമെന്ന് ദൈവം അറിഞ്ഞിരുന്നു. ആത്മീയ അനുഭൂതിയും ആശ്വാസവും പോലും അവൾക്ക് നിഷേധിക്കപ്പെട്ടത് ആത്മീയതയുടെ യഥാർത്ഥ ആഴങ്ങളിലേക്ക് അവൾ കടന്നുവരുന്നതിനു വേണ്ടിയായിരുന്നു.

1291 നവംബർ മാസത്തിൽ ക്ലാരയുടെ സഹോദരി ജൊവാന തന്റെ നിത്യസമ്മാനം വാങ്ങുവാനായി യാത്രയായി. ക്ലാരയ്ക്ക് അത് ഏറെ വേദനാജനകമായിരുന്നു. കാരണം അധികാരിയും സഹോദരിയും കുഞ്ഞുനാൾ മുതൽ അവളുടെ സന്തതസഹചാരിയും എല്ലാം ജൊവാനയായിരുന്നു.പുതിയ അധികാരിയെ തിരഞ്ഞെടുക്കുന്നതിനായി മെത്രാനാണ് നിയോഗിക്കപ്പെട്ടത്. സന്യാസിനികൾ യാതൊരു വിഷമവുമില്ലാതെ ക്ലാരയെ പുതിയ അധികാരിയായി തിരഞ്ഞെടുത്തു. തന്റെ നിസ്സഹായതയോർത്ത് അവൾ അവരുടെ മുൻപിൽ നിന്ന് കരഞ്ഞു. മറ്റാരെയെങ്കിലും ഈ മഹനീയ ഉത്തരവാദിത്വത്തിലേക്ക് തിരഞ്ഞെടുക്കണമെന്ന് അവൾ അവരോട് യാചിച്ചു. മെത്രാനോട് താൻ യാതൊരു കഴിവും ഇല്ലാത്തവളും ആത്മീയമായി ഇവരെ നയിക്കാൻ യോഗ്യതയില്ലാത്തവളുമാണെന്നു പറഞ്ഞു നോക്കി. എന്നാൽ അവളെ നിരാശപ്പെടുത്തിക്കൊണ്ട് അധികാരികൾ ഇവയെല്ലാം നിരസിച്ചു. എല്ലാ വിശുദ്ധരും നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്. തങ്ങളിൽ തന്നെ വലിയ മതിപ്പൊന്നും അവൾക്ക് തോന്നിയിരുന്നില്ല. എന്നാൽ ദൈവം വലിയ കാര്യങ്ങൾ അവരെ ഭരമേൽപ്പിച്ചു. ഇന്ന് വലിയ കഴിവൊന്നുമില്ലെങ്കിലും ഇല്ലാത്തത് ഉണ്ടെന്ന്

കാണിക്കുവാനും മറ്റുള്ളവരെ ബോധ്യപ്പെടുത്താനും കഠിനമായി അധ്വാനിക്കുന്നവരുടെ മധ്യേ വിശുദ്ധർ ഒരു ചോദ്യചിഹ്നമാണ്. അവർ തങ്ങളുടെ ഉള്ളിലുള്ളത് പോലും തിരിച്ചറിയുകയോ ഉണ്ടെന്ന് ഭാവിക്കുകയോ ചെയ്തിട്ടില്ല. അങ്ങനെ ക്ലാര ആ സന്യാസാശ്രമത്തിന്റെ അധികാരിയായി ചുമതലയേറ്റു. തന്നോട് തന്നെ വലിയ കാഠിന്യം കാണിച്ചിരുന്നുവെങ്കിലും മറ്റുള്ളവരോട് അവൾ കാഠിന്യത്തേക്കാൾ സ്നേഹമാണ് പ്രകടിപ്പിച്ചത്. കൂടുതൽ പ്രാർത്ഥിക്കാനിഷ്ടപ്പെട്ടവരെ അതിന് അനുവദിച്ചു. എന്നാൽ എല്ലാവർക്കും ജോലികളും ചെയ്യുവാനുണ്ടായിരുന്നു. തന്റെ സഹോദരിമാരെ വ്യക്തിപരമായി നയിക്കുന്നതിനും വളർത്തുന്നതിനും ക്ലാര അവസരം കണ്ടെത്തിയിരുന്നു.

ലോകത്തിൽ നിന്നകന്ന് നമുക്കൊരു ജീവിതം കെട്ടിപ്പെടുക്കാനാകില്ല. ക്ലാരയുടെ സഹോദരിമാർക്ക് നേരിടേണ്ടി വന്ന പ്രശ്നങ്ങളിൽ പലതും പുറത്തുനിന്നായിരുന്നു. പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തപ്രവൃത്തികൾക്കും വലിയ ഫലമുള്ളതിനാൽ തിന്മയുടെ ശക്തികൾ ഒരിക്കലും നിശ്ശബ്ദരായിരിക്കില്ല. വലിയ കാര്യങ്ങളൊന്നും ചെയ്തില്ലെങ്കിലും മിണ്ടാമഠമായി തുടരാനാഗ്രഹിച്ച അവരുടെ ഭവനം അടച്ചുപൂട്ടുവാനുള്ള സമ്മർദ്ദമുണ്ടായി. ആത്മീയ ജീവിതം തീർച്ചയായും ഒരു യുദ്ധം തന്നെയാണ്. ഈ ലോകത്തിലെ ശക്തികൾക്കെതിരായല്ല, അന്ധകാരലോകത്തിൽ വസിക്കുന്ന തിന്മയുടെ ശക്തികൾക്കെതിരെയുള്ള ഒരു പോരാട്ടം. യാതൊന്നും ചെയ്യുന്നില്ലെങ്കിലും നിങ്ങൾ പ്രാർത്ഥനയിലാണെങ്കിൽ, തീർച്ചയായും നിങ്ങൾ യുദ്ധമുഖത്ത് തന്നെയാണെന്ന് തിരിച്ചറിയുക. ദൈവം നിങ്ങളുടെ നിശ്ശബ്ദമായ പ്രാർത്ഥനകൾക്ക് വലിയ വില നൽകുന്നുണ്ട്. വിശുദ്ധരുടെ ജീവിതം നമ്മുടെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യരുടെ മുഖത്തേക്ക് നോക്കാതെ ദൈവത്തിന്റെ മുഖത്ത് നോക്കി അവൾ യാത്ര ചെയ്തു. ചുറ്റുമുള്ളവരുടെ ശ്രദ്ധ തന്നിലേക്ക് തിരിയാതെ ദൈവത്തിലേക്ക് തിരിക്കുന്നതിനുമുള്ള മാർഗങ്ങൾ അവലംബിക്കുവാൻ അവൾ ശ്രദ്ധിച്ചിരുന്നു. ദൈവം എന്നെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഞാനായിരിക്കും ഈ ലോകത്തിലെ ഏറ്റവും മോശപ്പെട്ട വ്യക്തി എന്ന് പറയുവാനുള്ള എളിമ അവൾക്കുണ്ടായിരുന്നു. ഉപദേശത്തിനായി തന്നെ സമീപിച്ച സകലരോടും കറുത്ത ഒരു വിരിയുടെ മറവിൽനിന്നു മാത്രമാണ് ക്ലാര സംസാരിച്ചിരുന്നത്. ക്ലാരയെ ആർക്കും കാണുവാൻ സാധിച്ചില്ലെങ്കിലും ദൈവസ്നേഹത്താൽ ജ്വലിക്കുന്ന വാക്കുകളും വെളിപ്പെടുത്തലുകളും അവർക്ക് കേൾക്കുവാൻ സാധിച്ചു.

വ്യക്തിപരമായ യാതൊരു പരിഗണനയ്ക്കും ഇടനൽകാത്ത വിധമായിരുന്നു അവളുടെ സത്പ്രവൃത്തികൾ. അനേകർ ഈ വിരിക്ക് മുന്നിൽവന്ന്നിന്ന് അവരുടെ പ്രശ്നങ്ങളും വേദനകളും പങ്കുവച്ചു. സൗഖ്യവും ആശ്വാസവും സ്വീകരിച്ചവരുടെ എണ്ണം അത്യധികമായിരുന്നതിനാൽ പല ദേശങ്ങളിൽനിന്നും ജനങ്ങൾ ക്ലാരയുടെ ഉപദേശത്തിനും പ്രാർത്ഥനയ്ക്കുമായി തടിച്ചുകൂടി. എന്നാൽ ആരും അവളെ കണ്ടില്ല. വരും നാളുകളിൽ മറ്റൊരാൾ ഈ സ്ഥാനത്ത് നിൽക്കുമ്പോഴും ഇതുതന്നെ സംഭവിക്കണമെന്ന് ക്ലാരയുടെ ആഗ്രഹമാണ് മറഞ്ഞിരിക്കുവാൻ അവളെ പ്രേരിപ്പിച്ചത്. ഫ്രാൻഞ്ചെസ്കോ എന്നു പേരുള്ള തന്റെ സഹോദരനെയാണ് പുറത്തുപോയി പാവങ്ങൾക്ക് ദാനം ചെയ്യുവാൻ ക്ലാര നിയോഗിച്ചിരുന്നത്. ക്ലാരയും സഹോദരിമാരും പാവപ്പെട്ടവരായിരുന്നെങ്കിലും അവർ സമൃദ്ധമായി അനേകർക്ക് ദാനം ചെയ്തിരുന്നുവെന്ന് ഫ്രാൻഞ്ചെസ്കോ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വേദനിപ്പിച്ചവർക്കും ദ്രോഹിച്ചവർക്കും കൂടുതലായി കൊടുക്കുന്നതിനും അവൾ ശ്രദ്ധിച്ചിരുന്നു. 1924 ക്ലാരയുടെ ജീവിതത്തിലെ അതിപ്രധാനമായ ഒരു വർഷമായിരുന്നു. അതിനു മുമ്പിലത്തെ ക്രിസ്മസ് ദിവസങ്ങളിൽ ക്ലാര രോഗിണിയായി മാറിയുന്നു. ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് വേണ്ടവിധം നന്ദി പ്രകാശിപ്പിക്കാത്തതും തീക്ഷ്ണത കുറഞ്ഞതും ചെയ്തുപോയ പാപങ്ങളുമാണ് തന്റെ രോഗത്തിന് കാരണം എന്നാണ് ക്ലാര മനസ്സിലാക്കിയത്. ഈശോയുടെ മാമ്മോദീസയുടെ തിരുനാൾ ദിവസം അദ്ഭുതകരമായ ഒരു ആത്മീയാനുഭൂതിയിൽ പ്രവേശിച്ച ക്ലാര ആഴ്ചകളോളം അതിൽ തുടർന്നു. അപ്പോൾ ക്ലാരയ്ക്ക് ഒരു ദർശനമുണ്ടായി. യേശു വളരെ വിഷമിച്ച് തന്റെ കുരിശും വഹിച്ചുകൊണ്ട് അവളുടെ അടുക്കലെത്തി. യേശുവിന്റെ മുഖത്തും ശരീരത്തും മുറിവുകളുണ്ടായിരുന്നു. ക്ലാര ചോദിച്ചു. 'അങ്ങെവിടെ പോകുകയാണ്?' ഈശോ പറഞ്ഞു, 'എന്റെ കുരിശ് താങ്ങുവാൻ ശക്തരായ മനുഷ്യരെ തേടിയിറങ്ങിയതാണ് ഞാൻ.' ക്ലാര തന്റെ കരങ്ങൾ നീട്ടി ആ കുരിശിനെ തൊട്ടു. 'നീണ്ട ഇക്കാലഘട്ടമൊക്കെയും ഞാനതിന് വേണ്ടിയല്ലേ പരിശ്രമിച്ചുകൊണ്ടിരുന്നത്. അതെനിക്ക് തരിക'. യേശുവിന്റെ മുഖം പ്രകാശിച്ചു. അവിടുന്ന് സന്തോഷിക്കുന്നത് അവൾ കണ്ടു. യേശു പറഞ്ഞു, 'നിന്റെ മുഖത്ത് ഞാൻ നിശ്ചയദാർഢ്യം കാണുന്നു. എന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ അനേകരുണ്ട്. എങ്കിലും കുരിശ് താങ്ങുവാൻ വളരെ ചുരുക്കം വ്യക്തികളെ കടന്നുവരുന്നുള്ളൂ'. യേശു അവളുടെ ഹൃദയത്തിലേക്ക് ആ കുരിശ് വച്ചുകൊടുത്തു.

ഏഴ് വർഷങ്ങൾക്ക് ശേഷം മാത്രമേ ഈ ദർശനത്തെക്കുറിച്ച് സഹോദരിമാരോട് പറയാവൂ എന്നും ഈശോ അവളോട് നിർദേശിച്ചു. കുരിശ് ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ അവളുടെ ശരീരത്തിൽ അനുഭവപ്പെട്ട വേദന മരണം വരെ അവളുടെ ശരീരത്തിലുണ്ടായിരുന്നു. കുരിശ് ഹൃദയത്തിലും ശരീരത്തിലും വഹിക്കുവാനുള്ള കൃപ അവൾക്ക് നമ്മുടെ ദിവ്യനാഥൻ നൽകി. തുടർന്നുവന്ന കാലത്തും അവൾ മഠാധിപ ആയിരുന്നു. അനേകർക്ക് അവളുടെ ഉപദേശങ്ങളും പ്രാർത്ഥനകളും ലഭിക്കുകയും ചെയ്തു. ആരോടും പറയാതെ, യാതൊരു പരിഭവവും പരാതിയുമില്ലാതെ അവൾ ശാരീരിക അസ്വസ്ഥകളെ അഭിമുഖീകരിച്ചു. താൻ രോഗിയാണെന്നും തനിക്ക് യാതൊന്നും ചെയ്യുവാനുള്ള ശക്തിയില്ലെന്നും ആരും അറിയരുത് എന്നൊരു ആഗ്രഹം മാത്രമാണ് ക്ലാരയ്ക്കുണ്ടായിരുന്നത്. പക്ഷേ, 1308ൽ കിടക്കയിൽ നിന്ന് എഴുന്നേൽക്കുവാൻ പോലും വയ്യാതായപ്പോൾ എല്ലാവരും ആ സത്യം അറിഞ്ഞു , ക്ലാര രോഗിണിയായിരുന്നു. സഹോദരൻ ഫ്രാഞ്ചെസ്കോയുടെ സഹായത്താൽ വൈദ്യൻമാരെത്തി. ഡോക്ടർമാരെ പരിശോധിക്കുന്നതിന് അനുവദിച്ചു എന്നല്ലാതെ ആരും യാതൊരു സഹതാപവും പ്രകടിപ്പിക്കുന്നതിന് അവൾ അനുവദിച്ചില്ല. രോഗാവസ്ഥയേക്കാൾ ദൈവവുമായുള്ള ബന്ധത്തിലായിരുന്നു ക്ലാരയുടെ ശ്രദ്ധ. രോഗാവസ്ഥയിലും എപ്രകാരം വിശുദ്ധയായിരിക്കാം, എപ്രകാരം പരാതിയില്ലാതെ സഹിക്കാം, എപ്രകാരം പുണ്യങ്ങൾ അഭ്യസിക്കാം, ആർക്കും ഭാരമാകാതെ എങ്ങനെ ജീവിക്കാം എന്നൊക്കെയായിരുന്നു അവളുടെ ചിന്തകൾ.

ക്ലാരയുടെ ആത്മീയാനുഭൂതികളിൽ നിന്ന് അവളെ വേർപ്പെടുത്തിയെങ്കിൽ മാത്രമേ ശാരീരിക സൗഖ്യം ലഭ്യമാകൂ എന്നായിരുന്നു ഡോക്ടർമാരുടെ നിർദേശം. പക്ഷേ ക്ലാരയെ ദൈവത്തിൽ നിന്നകറ്റുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. വിശുദ്ധി കാത്തുസൂക്ഷിക്കാൻ അതിയായി ഇഷ്ടപ്പെട്ടപ്പോഴും ആരും താനൊരു വിശുദ്ധയാണെന്ന് പറയാതിരിക്കുന്നതിനുമുള്ള വഴികൾ ക്ലാര തിരഞ്ഞിരുന്നു. ക്ലാര വിശുദ്ധയായതിനാലാണ് സഹിക്കേണ്ടി വരുന്നത് എന്ന് ആരെങ്കിലും പറഞ്ഞാൽ അത്രയധികം വേദനാജനകമായി അവൾക്ക് മറ്റൊന്നുമുണ്ടായിരുന്നില്ല. എളിമ മൂലമായിരുന്നില്ല ഈ വേദന, മറിച്ച് അഹങ്കാരത്തോട് യുദ്ധം ചെയ്യുന്നതിന്റെ വേദനയായിരുന്നു അത്. പാപിയായതിനാലാണ് സഹിക്കുന്നത് എന്ന് പറഞ്ഞാലോ, അത്രയും സന്തോഷം നൽകുന്ന വേറെ ഒന്നുമുണ്ടായിരുന്നില്ല. കാരണം അപ്പോൾ നിരാശപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചാൽ മാത്രം മതിയല്ലോ. സാത്താൻ ആഗ്രഹിച്ചതൊന്നും നടത്തിക്കൊടുക്കാതിരിക്കുന്നതാണ് വിശുദ്ധ ജീവിതം എന്ന് ക്ലാര നന്നായറിഞ്ഞിരുന്നു. എല്ലാവരും നല്ലതെന്ന് പറയുമ്പോൾ, ക്ലാര അഹങ്കരിക്കണമെന്ന് സാത്താൻ ആഗ്രഹിച്ചു, പക്ഷേ നടന്നില്ല. എല്ലാവരും മോശമെന്ന് പറയുമ്പോൾ ക്ലാര നിരാശപ്പെടണമെന്ന് സാത്താൻ ആഗ്രഹിച്ചു. അതും നടന്നില്ല. ആഗസ്റ്റ് മാസം പതിനഞ്ചാം തിയതി എല്ലാ സന്യാസിനികളെയും അടുത്തുവിളിച്ച് ഒരുമിച്ച് പ്രാർത്ഥിച്ചു. എല്ലാ ആത്മാക്കളെയും ക്രിസ്തുവിന്റെ പീഡാസഹനത്തോട് ചേർത്തുവച്ചു.

അവളുടെ വാക്കുകൾ ഇങ്ങനെയായിരുന്നു, 'ഞാൻ നിങ്ങൾക്ക് വേണ്ടി ചെയ്തു തരണമെന്ന് ദൈവം ആഗ്രഹിച്ച കാര്യങ്ങളൊക്കെയും അനുഗ്രഹിക്കപ്പെടട്ടെ. ദൈവം നമ്മിലൂടെ മഹത്വപ്പെടുത്തക്കവിധം എളിമയും വിനയവും ഉള്ളവരായിരിക്കുവിൻ.' മരണസമയത്ത് മറ്റു സന്യാസിനികൾ അയാളുടെ ശരീരത്തിൽ കുരിശടയാളം വരയ്ക്കുന്ന പതിവ് സന്യാസസമൂഹത്തിലുണ്ടായിരുന്നു. ക്ലാരയെ അവർ കുരിശിനാൽ മുദ്രവച്ചപ്പോൾ അവൾ പറഞ്ഞു, 'എന്തിനാണ് നിങ്ങൾ എന്റെ ശരീരത്തിൽ കുരിശ് വരയ്ക്കുന്നത്. എത്രയോ വർഷങ്ങളായി ഞാനെന്റെ ഹൃദയത്തിൽ കുരിശിനെ വഹിക്കുന്നതാണ്.' അന്ന് വൈകുന്നേരം തന്റെ സഹോദരൻ ഫ്രാൻഞ്ചെസ്കോയെ കാണണമെന്ന് ക്ലാര ആവശ്യപ്പെട്ടു. ഫ്രാൻഞ്ചെസ്കോ എത്തിയപ്പോൾ സഹോദരി വളരെ ക്ഷീണിതയായിരിക്കുന്നതായി കണ്ടു. രാവിലെ ഫ്രാൻഞ്ചെസ്കോ പുറത്തുപോകുവാൻ തയ്യാറെടുക്കുമ്പോൾ രണ്ടു സഹോദരിമാരെത്തി ക്ലാര വിളിക്കുന്നുണ്ടെന്ന് അറിയിച്ചു. അദ്ദേഹം തിരികെച്ചെന്ന് നോക്കുമ്പോൾ പൂർണ ആരോഗ്യവതിയായിട്ടാണ് ക്ലാരയെ കണ്ടത്. അവൾ തന്റെ കിടക്കയിൽ സന്തോഷത്തോടെ എഴുന്നേറ്റിരിക്കുകയായിരുന്നു. സഹോദരിമാർക്ക് ആത്മീയ ഉപദേശങ്ങൾ നൽകുവാനും എല്ലാവരോടും വളരെ ആനന്ദത്തോടെ സംസാരിക്കുവാൻ ക്ലാര സമയം കണ്ടെത്തി. ശേഷം തന്റെ കുമ്പസാരക്കാരന് നേരെ തിരിഞ്ഞ് അവൾ പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചു. അങ്ങനെ കിടക്കയിൽ സന്തോഷവതിയായി എഴുന്നേറ്റിരുന്ന് സ്വർഗത്തിലേക്ക് കണ്ണുകൾ ഉയർത്തി അവൾ പ്രാർത്ഥനയിൽ മുഴുകി. ഫ്രാൻഞ്ചെസ്കോ തന്റെ സഹോദരിയുടെ ശരീരത്തിൽ തൊട്ടു നോക്കിയിട്ട് പറഞ്ഞു- അവൾ മരിച്ചിരിക്കുന്നു. എല്ലാവരും വിചാരിച്ചത് അവൾ ആത്മീയമായ ഒരു അനുഭൂതിയിലായിരിക്കുമെന്നാണ്.

എന്നാൽ വൈദ്യന്മാരുടെ പരിശോധനയിൽ അവൾ ഈ ലോകത്ത് നിന്ന് സ്വർഗത്തിലേക്ക് യാത്രയായതായി മനസ്സിലായി. സകല സ്വർഗീയ വൃന്ദം മാലാഖമാരും അവളെ സ്വീകരിക്കാനായി കാത്തിരിക്കുകയായിരുന്നു. പരിശുദ്ധ ദൈവമാതാവും സകലവിശുദ്ധരും അവളെ സ്വാഗതം ചെയ്തു. അവളുടെ ഹൃദയത്തിൽ യേശുവിന്റെ പീഡാസഹനങ്ങളുടെയും ക്രൂശീകരണത്തിന്റെയും അടയാളങ്ങൾ ഉണ്ടായിരുന്നു. ക്ലാരയുടെ ഹൃദയത്തിൽ യേശു മുൾമുടിയോടുകൂടി കുരിശിൽ കിടക്കുന്ന രൂപം നമുക്ക് വ്യക്തമായി തെളിഞ്ഞു കാണാം. യേശു തന്റെ കുരിശുമരണത്തെ അവളുടെ ഹൃദയത്തിൽ പതിപ്പിച്ചു നൽകിയിരുന്നു. ഹൃദയത്തിൽ കണ്ടെത്തിയ ഈ അദ്ഭുതരൂപം സന്യാസിമാരുടെ നിർമാണമാണെന്ന് ശത്രുക്കൾ പറഞ്ഞു നടന്നു. മെത്രാന്റെ കാതിൽ ഈ വാർത്തയെത്തിയപ്പോൾ കാര്യങ്ങളുടെ നിജസ്ഥിതി പരിശോധിക്കുവാനായി ഡോക്ടർമാരെയും ദൈവശാസ്ത്രജ്ഞന്മാരെയും കൂട്ടി അദ്ദേഹം മൊന്തേഫാൽക്കോയിലെത്തി. ശാസ്ത്രീയമായി വിവരണം നൽകാനാവുന്ന അടയാളങ്ങളായിരുന്നില്ല അവ എന്നായിരുന്നു അവരുടെ കൂട്ടായ കണ്ടെത്തൽ. അവളുടെ ശരീരത്തിനുള്ളിൽ മറ്റ് പല അദ്ഭുതകരമായ അടയാളങ്ങളും കാണപ്പെട്ടിരുന്നു. ദൈവത്തെ അത്രമേൽ സ്നേഹിച്ചതിനാൽ അവളുടെ ശരീരവും മനസ്സും ദൈവത്തോടൊത്തായിരുന്നതിന്റെ അടയാളങ്ങളായിരുന്നു അവ. ശരീരത്തിൽ നിന്ന് അദ്ഭുതകരമായ സുഗന്ധം പുറപ്പെട്ടിരുന്നതിനാൽ മണ്ണിൽ അടക്കം ചെയ്യുവാൻ ആർക്കും മനസ്സുവന്നില്ല.

എഴുന്നൂറ് വർഷങ്ങൾക്കു ശേഷം ഇന്നും ആ ശരീരം അഴുകാതിരിക്കുന്നത് നമുക്ക് കാണാം. യാതൊരു ഭൗമികസഹായത്തിന്റെയും പിൻബലം കൂടാതെയാണ് ഇന്നും ക്ലാരയുടെ ഭൗതികശരീരം അഴുകാതിരിക്കുന്നത്. ഒരിക്കൽ യേശു ക്ലാരയ്ക്ക് പ്രത്യക്ഷപ്പെട്ട് ഉണങ്ങിയ ഒരു തടിക്കഷണം നട്ടുവയ്ക്കുവാൻ ആവശ്യപ്പെട്ടു. ഈ ദർശനത്തെ അനുസരിച്ചുകൊണ്ട് അവൾ അതിന് തയ്യാറായി. ആ ഉണങ്ങിയ കമ്പിന് സ്ഥിരമായി വെള്ളം ഒഴിക്കുവാനും അവൾ മറന്നില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം അത് തളിർത്തു, വളർന്നു വലുതായി.അതിൽ നിന്ന് ലഭിക്കുന്ന ചെറിയ മുത്തുപോലുള്ള കായ്കൾ ഉപയോഗിച്ച് ഇന്നും സഹോദരിമാർ ജപമാലയുണ്ടാക്കുന്നുണ്ട്. ലോകം മുഴുവനുമുള്ള അഗസ്റ്റീനിയൻ സന്യാസഭവനങ്ങളിൽ അയച്ചുകൊടുക്കുവാൻ മാത്രം ജപമാലകൾ അവർ ഈ വൃക്ഷത്തിൽ നിന്നും നിർമ്മിച്ചെടുക്കുന്നു.നാമകരണ നടപടികൾ 1309ൽ, ക്ലാര മരിച്ച് ഒരു വർഷം പോലും തികയുന്നതിനു മുൻപേ ആരംഭിച്ചു. 1318ൽ അനൗദ്യോഗിക പ്രഖ്യാപനമുണ്ടായെങ്കിലും 1881 ഡിസംബർ എട്ടാം തിയതി ക്ലാരയുടെ മധ്യസ്ഥതയിൽ സംഭവിച്ച 300 ഓളം അദ്ഭുതങ്ങൾ വ്യക്തമായി പഠിച്ചതിന് ശേഷമാണ് ഔദ്യോഗിക പ്രഖ്യാപനമുണ്ടായത്.

ക്ലാര ഒരിക്കൽ ഇങ്ങനെ പറഞ്ഞു ' എനിക്ക് കുരിശുകൾ വേണ്ട എന്നു ഞാൻ പറഞ്ഞപ്പോൾ ആരും എന്നെ ശകാരിച്ചില്ല. തീർച്ചയായും ഞാൻ കുരിശുകൾക്ക് വേണ്ടി യാചിക്കുകയാണ്. 'യേശു ഇന്നും അനുഭവിക്കുന്ന വേദനകൾക്കും ദിവ്യകാരുണ്യത്തിൽ ഏൽക്കേണ്ടി വരുന്ന നിന്ദനങ്ങൾക്കും പരിഹാരമായി നമ്മുടെ വേദനകളേയും സഹനങ്ങളേയും നാം കാഴ്ചവയ്ക്കേണ്ടതല്ലേ. യേശു നമുക്കെല്ലാം ഒരു കുരിശ് വാഗ്ദാനം ചെയ്യുന്നുണ്ട്. അതിനെ നിരസിച്ചാൽ അവിടത്തെ പിന്നാലെ യാത്ര ചെയ്യുവാനുള്ള യോഗ്യതയാണ് നാം ഇല്ലാതാക്കുന്നത്. സ്വന്തം കുരിശെടുത്തു കൊണ്ട് അവിടത്തെ അനുഗമിക്കുവാനാണല്ലോ അവിടുന്ന് നമ്മോട് പറയുന്നത്.

വിശുദ്ധ ക്ലാര, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...